# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6566 09.07.2014-ൽ മറുപടിക്ക്

ചോദ്യം

ശ്രീ. വി.ശശി

ഉത്തരം

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## 2014-15-ലെ കേന്ദ്രബജറ്റിൽ കേരളത്തിനു വേണ്ടി നടപ്പാക്കേണ്ട പദ്ധതികൾ

| | | |
|---|---|---|
| (എ) | 2014-15 കേന്ദ്ര ബജറ്റിൽ കേരളത്തിന് വേണ്ടി നടപ്പാക്കേണ്ട പദ്ധതികൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | 2014-15ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും, സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി അവതരിപ്പിക്കുകയും ചെയ്തു. സാമ്പ |
| (ബി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | ത്തിക മാന്ദ്യത്തെ തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്യുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വളർച്ച തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ഒരു പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും, പരമ്പരാഗത വ്യവസാ |

| | | |
|---|---|---|
| | | യങ്ങളുടെയും പുനരുദ്ധാരണത്തിനായി കേന്ദ്രസഹായം നൽകുക, പൊതു സേവനങ്ങളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന ഇ ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക, പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചെലവുകുറഞ്ഞ വായ്പാപദ്ധതികൾ ആരംഭിക്കുക, ഭവനവായ്പകളുടെ നിലവിലുള്ള പലിശ നിരക്ക് കുറയ്ക്കുക, സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവയാണ് സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികളിൽ പ്രധാനപ്പെട്ടവ.<br>സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചു കൊണ്ട് ജി.എസ്.റ്റി (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യൂണിറ്റുകൾക്ക് എക്സൈസ് തീരുവയിൽ ഇളവ് അനുവദിക്കുക, തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.<br>ഇതിനുപുറമേ കേന്ദ്ര ബഡ്ജറ്റിലെ നികുതി ഘടന സംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ നികുതി നിർദ്ദേശങ്ങളും കേന്ദ്ര റവന്യൂ മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. ജി.എസ്.റ്റി നടപ്പിലാക്കുമ്പോൾ പരിഗണിക്കേണ്ട സംസ്ഥാനത്തിന്റെ പ്രധാന |

| | | |
|---|---|---|
| | | ആവശ്യങ്ങൾ, സംസ്ഥാന ആഡംബര നികുതിയുടെ പരിധിയിൽ വരുന്ന ഇനങ്ങളെ കേന്ദ്ര സേവന നികുതിയുടെ പരിധിയിൽക്കൂടി ഉൾപ്പെടുത്തിയ നടപടി പിൻവലിക്കുക, റബ്ബർ, നാളികേരം തുടങ്ങി മുഖ്യമായും സംസ്ഥാനത്തുനിന്ന് ഉൽപാദിക്കപ്പെടുന്ന ഇനങ്ങളുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക, സംസ്ഥാനത്തെ വിവിധ പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവുകൾ നൽകുക തുടങ്ങിയവയാണ് സംസ്ഥാനം സമർപ്പിച്ച നികുതി നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ. |

സെക്ഷൻ ഓഫീസർ